(7) വിദ്യാർത്ഥിനിയെ പീഡിപ്പിച്ച സംഭവം

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, നാദാപുരം മണ്ഡലത്തിലെ പാറക്കടവിലെ ദാറുൽഹുദാ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ നാലര വയസ്സ് തികയാത്ത പിഞ്ചു കുഞ്ഞിനെ ലൈംഗികമായി പീഡിപ്പിച്ച സംഭവുമായി ബന്ധപ്പെട്ടതാണ് ഈ സബ്മിഷൻ. പീഡനക്കേസ് വന്നപ്പോൾ നാദാപുരം ഡിവൈ.എസ്.പി. രണ്ടു ദിവസം ലീവിലായിരുന്നു. തുടർന്ന് താമരശ്ശേരി ഡിവൈ.എസ്.പി. ആയിരുന്ന ശ്രീ. ജെയ്സൺ ആയിരുന്നു അന്വേഷിച്ചത്. യഥാർത്ഥ പ്രതികളെ രക്ഷിക്കാൻ ശ്രമം അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടക്കുന്നുവെന്ന് ശക്തമായ സംശയമുണ്ടായ സാഹചര്യത്തിൽ അവിടെ വലിയ ജനകീയ പ്രക്ഷോഭം ഉയർന്നു. ഞാനും ശ്രീമതി കെ. കെ. ലതികയും മറ്റു ജനപ്രതിനിധികളുമൊക്കെ അതുമായി ബന്ധപ്പെട്ട് ഇടപെടുന്ന സാഹചര്യമുണ്ടായി. തുടർന്ന് അന്വേഷണം നാദാപുരം ഡിവൈ.എസ്.പി.-യുടെയും സി.ഐ.യുടെയും നേതൃത്വത്തിൽ തൃപ്തികരമായി പോകുന്നു എന്ന അഭിപ്രായമാണ് കുട്ടികളുടെ രക്ഷിതാക്കൾക്ക് ഉണ്ടായിട്ടുള്ളത്. കുട്ടിയുടെ മൊഴി, വകുപ്പ് 164 പ്രകാരം പയ്യോളി കോടതിയിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് രണ്ടു മുതിർന്ന വിദ്യാർത്ഥികൾ റിമാൻഡിലുമാണ്. ഈ വിദ്യാലയത്തിന്റെ കോമ്പൗണ്ടിനോടൊപ്പമുള്ള ഹോസ്റ്റലിലുള്ള വിദ്യാർത്ഥികളാണ് ഇവർ. തുടർന്ന് മാനേജ്മെന്റിന്റെ പ്രതിനിധി, നാലര വയസ്സുമാത്രം പ്രായമുള്ള ഈ കുട്ടിയെ അപമാനപ്പെടുത്തുന്ന തരത്തിൽ മനുഷ്യമനസ്സിനെ വേദനിപ്പിക്കുന്ന തരത്തിലുള്ള ആരോപണമുന്നയിച്ച വാർത്തയും പ്രചരിപ്പിച്ചു. അതുകാരണം ഒട്ടേറെ ജനകീയ സമരങ്ങളും ഇതിന്റെ പിന്നാലെ അവിടെ അരങ്ങേറി. ബാലാവകാശ കമ്മീഷനും മനുഷ്യാവകാശ കമ്മീഷനുമുൾപ്പെടെ ഈ വിഷയത്തിൽ ഇടപെട്ട് സ്കൂളിന്റെ സൗകര്യം മനസ്സിലാക്കുവാനും കേസുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മനസ്സിലാക്കുവാനും വന്നെങ്കിലും തുടർനടപടികളൊന്നും നടന്നിട്ടില്ല. ഇന്നലെ ഇതുമായി ബന്ധപ്പെട്ട് ഒരു ആക്ഷൻ കമ്മിറ്റി അവിടെ രൂപീകരിച്ചിട്ടുണ്ട്. അതിലുയർന്നുവന്ന ആവശ്യം ഈ കേസിന് വീട്ടുകാരുടെ താല്പര്യപ്രകാരം ഒരു സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കണമെന്നുള്ളതാണ്. ഈ ആവശ്യമുന്നയിച്ചു കൊണ്ടുള്ള വീട്ടുകാരുടെയും ആക്ഷൻ കമ്മിറ്റിയുടെയും കത്ത് ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകുന്നതാണ്. ആയതിനാൽ പിഞ്ചുകുഞ്ഞിനെ പീഡിപ്പിച്ചവർക്ക് മാതൃകാപരമായി ശിക്ഷ നൽകാൻ വേണ്ട അന്വേഷണം നടത്തി എത്രയുംവേഗം കുറ്റപത്രം കോടതിയിൽ നൽകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. അതോടൊപ്പം നമ്മുടെ സംസ്ഥാനത്ത് ഇത്തരം ഒട്ടേറെ കേസുകൾ നടക്കുമ്പോൾ ഇതിന് മാതൃകാപരമായ ശിക്ഷ ലഭിക്കുമെന്ന ഉറപ്പ് വരാത്ത സാഹചര്യത്തിൽ നമ്മുടെ പിഞ്ചുകുഞ്ഞുങ്ങളുടെ ഭാവി വളരെ ആശങ്കയിലാകുന്ന സാഹചര്യമാണുള്ളത്. ഇത്തരം കേസുകളിൽ ബാഹ്യ

LIBRARY ARCHIVES Kerala Legislative Assembly

ഇടപെടലുകളുണ്ടാകില്ലെന്ന് ഉറപ്പു നൽകാൻ ബഹുമാനപ്പെട്ട മന്ത്രി. സത്വരം ശ്രദ്ധിക്കണമെന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, നാദാപുരം വളയം പോലീസ് സ്റ്റേഷൻ പരിധിയിലെ പാറക്കടവ് ദാറുൽഹുദാ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ എൽ.കെ.ജി. വിഭാഗത്തിൽ പഠിക്കുന്ന നാലര വയസ്സുള്ള ബാലികയെ 30-10-2014-ൽ സ്കൂളിൽവച്ച് ആരോ ലൈംഗികമായി പീഡിപ്പിച്ചു എന്ന് 10-11-2014-ൽ വളയം എസ്.ഐ.-ക്ക് വിവരം ലഭിച്ചു. ഈ വിവരത്തിന്റെ അടിസ്ഥാനത്തിൽ എസ്.ഐ.-യുടെ നേതൃത്വത്തിൽ വനിതാ പോലീസുൾപ്പെടെയുള്ള പോലീസ് സംഘം പെൺകുട്ടിയുടെ വീട്ടിലെത്തി സംഭവത്തെക്കുറിച്ച് കുട്ടിയുടെ മാതാവിൽനിന്ന് മൊഴി രേഖപ്പെടുത്തി. സ്കൂളിലെ അഗതിമന്ദിരത്തിലെ അന്തേവാസികളായ രണ്ട് പേർ ചേർന്ന് ബാലികയെ ലൈംഗികമായി പീഡിപ്പിച്ചു എന്ന മൊഴി ലഭിച്ചതിന്റെ അടിസ്ഥാനത്തിലും വൈദ്യപരിശോധനയിൽ പീഡനം നടന്നതായി വെളിവായതിനാലും വളയം പോലീസ് സ്റ്റേഷനിൽ ഇൻഡ്യൻ ശിക്ഷാ നിയമം 376 -Protection of Children from sexual offences Act-ലെ IV വകുപ്പുപ്രകാരം ക്രൈം 512/2014-ാം നമ്പറായി കേസ് രജിസ്റ്റർ ചെയ്തു. തുടർന്ന് നാദാപുരം പോലീസ് സർക്കിൾ ഇൻസ്പെക്ടർ നടത്തിയ വിശദമായ അന്വേഷണത്തിൽ 30-10-2014-ാം തീയതി ഉച്ചയ്ക്ക് 12.20-നും 1.15-നും ഇടയിലുള്ള സമയത്ത് ദാറുൽഹുദാ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ബാത്ത്റൂമിൽ കൊണ്ടുപോയി ബാലികയെ പ്രസ്തുത സ്ഥാപനത്തിലെ അഗതിമന്ദിരത്തിൽ മതപഠനം നടത്തുന്ന ഷംസുദ്ദീൻ -19 (സൺ ഓഫ് സിറാജ്) മുബഷീർ-20 (സൺ ഓഫ് മുത്തലീഫ് സഖാഫി) എന്നിവർ ചേർന്ന് ലൈംഗികമായി പീഡനം നടത്തിയെന്ന് വെളിവാകുകയും പീഡനത്തിനിരയായ കുട്ടി ഇവരെ തിരിച്ചറിയുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരായ രണ്ടുപേരേയും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും കോടതി ഇവരെ റിമാൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ കേസ് ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഇ. കെ. വിജയൻ പറഞ്ഞതനുസരിച്ച് സ്പെഷ്യൽ പ്രോസിക്യൂട്ടറെ വയ്ക്കുന്നതിന് ഗവൺമെൻറിന് പൂർണ്ണ സമ്മതമാണ്. അതിനുവേണ്ടി ഈ കേസ്സിലെ യഥാർത്ഥ കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരാനുള്ള എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ക്രൈം ബ്രാഞ്ചിന് വിട്ടതും അതിന്റെ അടിസ്ഥാനത്തിൽത്തന്നെയാണ്. എന്തായാലും ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഗവൺമെൻറ് ഇക്കാര്യം വളരെ ഗൗരവത്തോടുകൂടിത്തന്നെ കണ്ടുകൊണ്ട് നിയമപരമായ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly